ഉത്തരം

(എ) 219 വില്ലേജുകളെ സുനാമി ബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ദുരിതബാധിതർക്കായി സർക്കാർ തലങ്ങളിലും മറ്റ് തലങ്ങളിലും അനുവദിക്കുന്ന ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ ലഭിക്കുന്നതിന് പ്രയോജനപ്പെടുന്നതാണ്.

(സി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ലഭിച്ച പ്രത്യേക ഓഫറുകൾ

112 [2179] ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ഉണ്ടായിക്കഴിഞ്ഞ് നാളിതുവരെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സർക്കാർ എത്ര രൂപ ചെലവഴിച്ചു; വിശദമാക്കുമോ;

(ബി) ഏതൊക്കെ ഇനങ്ങളിൽ എത്ര തുക വീതം ചെലവഴിച്ചെന്ന് ഇനം തിരിച്ച് വിശദമാക്കുമോ?

ഉത്തരം

(എ) ജില്ലാ കളക്ടർമാരിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളനുസരിച്ച് ഉദ്ദേശം 20 കോടി രൂപ സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്.

(ബി) ജില്ലാ കളക്ടർമാർ ഫിഷറീസ് വകുപ്പ്, ആരോഗ്യ വകുപ്പ്, ജലവിഭവ വകുപ്പ് തുടങ്ങിയ വകുപ്പുകളിൽ നിന്നും ചെലവിനെ സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

സുനാമി ദുരന്തത്തിൽ അംഗൻവാടികൾക്ക് ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ

113 [2180] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തിൽ ആറാട്ടുപുഴ പഞ്ചായത്തിലെ അംഗൻവാടികൾക്ക് ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) ആകെ എത്ര തുകയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly